**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - 2019 മെയ്, ജൂൺ, ജൂലൈ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്,**

**സ.ഉ.(സാധാ) നം.6713/2019/ധന. തീയതി, തിരുവനന്തപുരം, 21.08.2019**

---

പരാമർശം :- 1) സ ഉ (പി) 384/2014/ധന തീയതി 05/09/2014.
2) സ ഉ (എം എസ്) 437/2016/ധന തീയതി 08/11/2016.
3) സ ഉ (എം എസ്) 503/2016/ധന തീയതി 21/12/2016.
4) സ ഉ (എം എസ്) 34/2017/ധന തീയതി 21/01/2017.
5) സ ഉ (എം എസ്) 67/2017/ധന തീയതി 06/02/2017.
6) സ ഉ (എം എസ്) 204/2017/ധന തീയതി 23/03/2017.
7) സ ഉ (എം എസ്) 241/2018/ധന തീയതി 06/07/2018.
8) സ.ഉ(സാധാ)നം. 10132/18/ധന. തീയതി 10.12.2018.
9) സ.ഉ(എം.എസ്.)നം. 59/19/ധന. തീയതി 31.01.2019.
10) സ ഉ (സാധാ) 1172/2019/ധന. തീയതി 15.02.2019.
11) പഞ്ചായത്ത് ഡയറക്ടറുടെ 16.08.2019 തീയതിയിലെ കത്ത് നമ്പർ പി എ എൻ/10461/2019-ഡി ബി ടി2 (ഡി പി) .

**<u>ഉത്തരവ്</u>**

ഗുണഭോക്താക്കളുടെ താല്പര്യപ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ബാങ്ക് അക്കൗണ്ട് വഴിയോ നേരിട്ടോ നൽകിവരുന്നു. 2019 ഏപ്രിൽ മാസം വരെയുള്ള പെൻഷൻ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. 2019 മെയ്, ജൂൺ, ജൂലൈ വരെയുള്ള 3 മാസത്തേക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക് 1716,47,31,000/- (ആയിരത്തി എഴുന്നൂറ്റിപ്പതിനാറു കോടി നാല്പത്തേഴ് ലക്ഷത്തി മുപ്പത്തൊന്നായിരം രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം 11 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. **2019 മെയ്, ജൂൺ, ജൂലൈ വരെയുള്ള 3 മാസത്തേക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക് ആവശ്യമായ 1716,47,31,000/- (ആയിരത്തി എഴുന്നൂറ്റിപ്പതിനാറു കോടി നാല്പത്തേഴ് ലക്ഷത്തി മുപ്പത്തൊന്നായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.** ഓരോ ഇനം

സാമൂഹ്യ സുരക്ഷാ പെൻഷനും വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിവരങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

3. 2019 മെയ്, ജൂൺ, ജൂലൈ വരെയുള്ള 3 മാസത്തേക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക് ആവശ്യമായ തുകയായ 1716,47,31,000/- (ആയിരത്തി എഴുന്നൂറ്റിപ്പതിനാറു കോടി നാല്പത്തേഴു ലക്ഷത്തി മുപ്പത്തൊന്നായിരം രൂപ മാത്രം) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ 892,89,25,800/- രൂപ (എണ്ണൂറ്റിത്തൊണ്ണൂറ്റി രണ്ടു കോടി എൺപത്തൊൻപതു ലക്ഷത്തി ഇരുപത്തയ്യായിരത്തി എണ്ണൂറു രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്കും (എസ്. ബി. അക്കൗണ്ട് നമ്പർ 67234515304 (IFS Code:SBIN 0070028), നേരിട്ട് വീടുകളിൽ വിതരണത്തിനാവശ്യമായ 823,58,05,200/- രൂപ (എണ്ണൂറ്റി ഇരുപത്തിമൂന്ന് കോടി അൻപത്തെട്ടു ലക്ഷത്തി അയ്യായിരത്തി ഇരുന്നൂറ് രൂപ മാത്രം) വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ 799012100000001) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് അനുവാദം നൽകുന്നു. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന പെൻഷൻ തുക 24.08.2019 മുതൽ ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പണമായും 29.08.19 മുതൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടും വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലിനെ ചുമതലപ്പെടുത്തുന്നു. പെൻഷൻ തുക ഓണത്തിനു മുൻപായി വിതരണം ചെയ്യേണ്ടതും വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക 20.09.2019-നകം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.

4. പെൻഷൻ വാങ്ങുന്നവർക്ക് സൂചന (2) പ്രകാരം നിർദ്ദേശിച്ചിരുന്ന മസ്റ്ററിംഗ് ഈ ഉത്തരവ് പ്രകാരം നടത്തുന്ന പെൻഷൻ വിതരണത്തിന് ബാധകമല്ല എന്നും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ. ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(ഫയൽ നം.1273993/എസ് എഫ് സി ബി1/19/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

2019 മെയ്, ജൂൺ, ജൂലൈ വരെ പെൻഷൻ വിതരണത്തിനു വേണ്ടി വരുന്ന തുകയുടെ വിശദാംശങ്ങൾ

| പ്രാദേശിക സർക്കാർ | പെൻഷൻ ഇനം | ബാങ്ക് (രൂപ) | ഡയറക്റ്റ് ടു ഹോം (രൂപ) | ആകെ (രൂപ) |
|---|---|---|---|---|
| മുനിസിപ്പാലിറ്റി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 473806800 | 510234300 | 984041100 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 55957500 | 71866200 | 127823700 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 232862400 | 225914400 | 458776800 |
| | കർഷക തൊഴിലാളി പെൻഷൻ | 26611200 | 73144800 | 99756000 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 13622400 | 18874800 | 32497200 |
| | **ആകെ** | **802860300** | **900034500** | **1702894800** |
| മുനിസിപ്പൽ കോർപ്പറേഷൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 440935200 | 193657500 | 634592700 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 61717800 | 25522800 | 87240600 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 276764400 | 80668800 | 357433200 |
| | കർഷക തൊഴിലാളി പെൻഷൻ | 10393200 | 7707600 | 18100800 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 19252800 | 10350000 | 29602800 |
| | **ആകെ** | **809063400** | **317906700** | **1126970100** |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 3913447500 | 3481023600 | 7394471100 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 585957000 | 640827600 | 1226784600 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 2172204000 | 1780718400 | 3952922400 |
| | കർഷക തൊഴിലാളി | 539280000 | 984956400 | 1524236400 |

| | | | | |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | പെൻഷൻ | | | |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 106113600 | 130338000 | 236451600 |
| | **ആകെ** | 7317002100 | 7017864000 | 14334866100 |
| **ആകെ മൊത്തം** | | 8928925800 | 8235805200 | 17164731000 |